2024 AUGUST
20
TUESDAY


www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## 26,000 തൊഴിലവസരങ്ങൾ വെട്ടിക്കുറച്ച് ഇന്ത്യൻ റിട്ടെയിൽ വ്യാപാരികൾ



**ന്യൂഡൽഹി:** ഇന്ത്യൻ ചില്ലറ വിൽപ്പന മേഖലയിൽ ഈ സാമ്പത്തിക വർഷം 26000 തൊഴിലവസരങ്ങൾ വെട്ടിക്കുറച്ചതായി റിപ്പോർട്ട്. സ്ഥിരം, കരാർ ജീവനക്കാർ ഈ പട്ടികയിൽ ഉൾപ്പെടുന്നുണ്ട്. കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിൽ വലിയ രീതിയിൽ റിക്രൂട്ട്മെൻറ് നടന്നതിനു നേരെ വിപരീതമായാണ് ഇത്തവണ സംഭവിച്ചിരിക്കുന്നത്. സ്റ്റോർ വിപുലീകരണത്തിൻറെ വേഗം കുറഞ്ഞതും, ജനങ്ങളുടെ ആവശ്യകത കുറഞ്ഞതുമാണ് നടപടിക്ക് കാരണമായി ചൂണ്ടിക്കാട്ടിയതെന്ന് ഇക്കണോമിസ് ടൈംസ് റിപ്പോർട്ട് ചെയ്യുന്നു.

റിലയൻസിൻറെ റിട്ടെയ്ൽ ആം, ടൈറ്റാൻ, റെയ്മണ്ട്, പേജ് ഇൻഡസ്ട്രീസ്, സ്പെൻസേഴ്സ് എന്നിവരാണ് വൻതോതിൽ അവസരങ്ങൾ വെട്ടിക്കുറച്ചത്. അഞ്ച് കമ്പനികളുമായി ആകെ 17 ശതമാനം വർക്ഫോഴ്സ് ആണ് കുറച്ചത്.

ഈ കമ്പനികൾ 2023 സാമ്പത്തിക വർഷത്തിൽ 4,55,000 പേർക്കാമ് ജോലി നൽകിയത്. ഈ വർഷം അത് 4,29,000 ആയി കുറഞ്ഞു. കൊറോണക്കാലത്തിനു ശേഷം വൻ തോതിൽ ജനങ്ങൾ ഷോപ്പിങ് നടത്തിയിരുന്നുവെങ്കിലും കഴിഞ്ഞ വർഷം ഇന്ത്യയിലെ റിട്ടെയിൽ വിൽപ്പനയുടെ വളർച്ച 4 ശതമാനമായി കുറഞ്ഞിരുന്നു.

## പ്രധാനമന്ത്രി നരേന്ദ്ര മോദി 23ന് യുക്രെയ്നിൽ



**ന്യൂഡൽഹി:** പ്രധാനമന്ത്രി നരേന്ദ്ര മോദി 23ന് യുക്രെയ്ൻ സന്ദർശിക്കും. യുക്രെയ്നുമായി നയതന്ത്ര ബന്ധം സ്ഥാപിച്ചതിനുശേഷം ഇതാദ്യമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ഇവിടെയെത്തുന്നത്. കീവിലെത്തുന്ന മോദി, യുക്രെയ്ൻ പ്രസിഡൻറ് വൊളോഡിമിർ സെലെൻസ്കിയുമായി കൂടിക്കാഴ്ച നടത്തും. കഴിഞ്ഞ മാസം മോസ്കോയിൽ റഷ്യൻ പ്രസിഡൻറ് വ്ലാഡിമിർ പുടിനുമായി കൂടിക്കാഴ്ച നടത്തിയതിനു പിന്നാലെയാണു മോദിയുടെ യുക്രെയ്ൻ സന്ദർശനം.

റഷ്യ യുക്രെയ്ൻ യുദ്ധത്തിന് സമാധാനപരമായ പരിഹാരം കണ്ടെത്തുന്നതിന് സഹായം നൽകാൻ ഇന്ത്യ സന്നദ്ധമെന്നു വിദേശകാര്യ മന്ത്രാലയം പറഞ്ഞു. നാളെ പോളണ്ട് സന്ദർശിച്ച ശേഷമാണു മോദി കീവിലേക്കു പോകുന്നത്. 1979ലെ മൊറാർജി ദേശായിയുടെ സന്ദർശനത്തിനു ശേഷം ഇതാദ്യമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി പോളണ്ടിലെത്തുന്നത്.

യുക്രെയ്നിൽ നിന്ന് 4,000ലേറെ ഇന്ത്യൻ വിദ്യാർഥികളെ ഒഴിപ്പിക്കുന്നതിൽ പോളണ്ടിൻറെ പങ്ക് നിർണായകമായിരുന്നു.

# കേന്ദ്രസർക്കാർ ആശുപത്രികളിൽ അധിക സുരക്ഷ ഏർപ്പെടുത്തി



**ന്യൂഡൽഹി:** കൊൽക്കത്ത ബലാത്സംഗ കൊലപാതകത്തിന് പിന്നാലെ കേന്ദ്ര സർക്കാർ ആശുപത്രികളിൽ 25 ശതമാനം അധിക സുരക്ഷ ഏർപ്പെടുത്തി. സംഭവത്തിൽ രാജ്യ വ്യാപക പ്രതിഷേധം ശക്തമായ സാഹചര്യത്തിലാണ് ആശുപത്രികളിലെ സുരക്ഷ വർധിപ്പിച്ചത്.

കേന്ദ്ര ആരോഗ്യ മന്ത്രാലയമാണ് ഇത് സംബന്ധിച്ച നടപടി സ്വീകരിച്ചത്. എല്ലാ വശങ്ങളും വിശദമായി പഠിച്ച ശേഷം കൂടുതൽ സുരക്ഷാ ഉദ്യോഗസ്ഥരെ വിന്യസിക്കുമെന്നും കേന്ദ്രം അറിയിച്ചു.

സർക്കാർ ആശുപത്രികളിൽ നിന്നുള്ള വ്യക്തിഗത അഭ്യർഥനകളുടെ കൂടി അടിസ്ഥാനത്തിൽ സുരക്ഷാ വിലയിരുത്തലുകൾ നടത്തുമെന്നും കേന്ദ്രം വ്യക്തമാക്കി. അതേ സമയം ഡോക്ടറുടെ കൊലപാതകവുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായെ കാണാൻ ബംഗാൾ ഗവർണർ സി.വി. ആനന്ദബോസ് സമയം തേടിയിട്ടുണ്ട്.

## സംസ്ഥാനത്ത് ഇന്ന് മൂന്ന് ജില്ലകളിൽ അതിശക്തമായ മഴയ്ക്ക് സാദ്ധ്യത



**തിരുവനന്തപുരം:** സംസ്ഥാനത്ത് ഇന്നും അതിശക്തമായ മഴയ്ക്ക് സാദ്ധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഓറഞ്ച് അലേർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാദ്ധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്. ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ യെല്ലോ അലർട്ടാണ്. യെല്ലോ അലർട്ടുള്ള ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴയ്ക്കാണ് സാദ്ധ്യത പ്രവചിച്ചിട്ടുള്ളത്.

മലയോരമേഖലകളിൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, മലവെള്ളപ്പാച്ചിൽ സാദ്ധ്യതകളുണ്ടെന്നും, താഴ്ന്ന പ്രദേശത്ത് വെള്ളപ്പൊക്കത്തിന് കാരണമായേക്കാമെന്നും മുന്നറിയിപ്പുണ്ട്. കേരളാ തീരത്ത് മത്സ്യബന്ധനത്തിന് വിലക്കുണ്ട്. വിവിധ തീരങ്ങളിൽ കടലാക്രമണം ശക്തമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണം. ആവശ്യമായ ഘട്ടത്തിൽ മാറി താമസിക്കണം. മത്സ്യബന്ധനോപാധികൾ സുരക്ഷിതമാക്കി വയ്ക്കണം.അടച്ചുറപ്പില്ലാത്ത വീടുകളിൽ താമസിക്കുന്നവരും മേൽക്കൂര ശക്തമല്ലാത്ത വീടുകളിൽ താമസിക്കുന്നവരും വരും ദിവസങ്ങളിലെ മുന്നറിയിപ്പുകളുടെ അടിസ്ഥാനത്തിൽ സുരക്ഷയെ മുൻകരുതി മാറി താമസിക്കാൻ തയ്യാറാവേണ്ടതാണ്. സ്വകാര്യപൊതു ഇടങ്ങളിൽ അപകടവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ/പോസ്റ്റുകൾ/ബോർഡുകൾ തുടങ്ങിയവ സുരക്ഷിതമാക്കേണ്ടതും മരങ്ങൾ കോതി ഒതുക്കുകയും ചെയ്യേണ്ടതാണെന്നും അധികൃതർ മുന്നറിയിപ്പ് നൽകുന്നു.

## വായ്പാനിക്ഷേപ അനുപാതം; കേരളത്തിന് ആശങ്ക

**കൊച്ചി:** സാമ്പത്തിക മേഖല മികച്ച വളർച്ച നേടുമ്പോഴും കേരളത്തിൽ നിക്ഷേപ സമാഹരണത്തിന് ആനുപാതികമായി വായ്പാ വിതരണം മെച്ചപ്പെടുന്നില്ലെന്ന് പുതിയ കണക്കുകൾ വ്യക്തമാക്കുന്നു. സംസ്ഥാനത്ത് നിന്നും വലിയ തോതിൽ നിക്ഷേപം സ്വീകരിക്കുമ്പോഴും ബാങ്കുകൾ വായ്പ നൽകുന്നതിൽ വലിയ താത്പര്യം കാണിക്കുന്നില്ലെന്നാണ് വായ്പാ നിക്ഷേപ അനുപാതം (സിഡി റേഷ്യോ) സൂചിപ്പിക്കുന്നത്. കഴിഞ്ഞ പത്ത് വർഷമായി ബാങ്കിങ് രംഗത്ത് വായ്പാ നിക്ഷേപ അനുപാതം കാര്യമായി കൂടുന്നില്ലെന്നും കേന്ദ്ര സർക്കാർ പുറത്തുവിട്ട സാമ്പത്തിക അവലോകന സർവെ വ്യക്തമാക്കുന്നു.

നിലവിൽ കേരളത്തിൻറെ വായ്പാനിക്ഷേപ അനുപാതം 66 ശതമാനമാണ്. ദേശീയ ശരാശരിയായ 78 ശതമാനത്തിലും ഏറെ കുറവാണിത്. മികച്ച വ്യവസായിക വളർച്ച നേടുന്ന സംസ്ഥാനങ്ങളായ ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, തമിഴ്നാട്, മഹാരാഷ്ട്ര, തെലങ്കാന, ന്യൂൽഹി എന്നിവയ്ക്കൊപ്പം കേന്ദ്ര ഭരണ പ്രദേശമായ ചണ്ഡിഗഢും നൂറ് ശതമാനത്തിധികം സിഡി റേഷ്യോ കൈവരിച്ചപ്പോൾ സിക്കിം, ജാർഖണ്ഡ്, മേഘാലയ, അരുണാചൽ പ്രദേശ്, ലക്ഷദ്വീപ് എന്നിവയുടെ പ്രകടനം പരിതാപകരമാണ്.

കഴിഞ്ഞ സാമ്പത്തിക വർഷം ഇന്ത്യയിലെ ബാങ്കുകളുടെ വായ്പാ വിതരണം 19.12% ഉയർന്ന് 169.14 ലക്ഷം കോടി രൂപയായി. മുൻവർഷം ബാങ്കുകൾ മൊത്തം 142 ലക്ഷം കോടി രൂപയാണ് വായ്പയായി നൽകിയത്. വായ്പാ വിതരണത്തിലെ ഏറിയ പങ്കും മഹാരാഷ്ട്ര, തമിഴ്നാട്, ന്യൂഡൽഹി എന്നീ സംസ്ഥാനങ്ങളിലാണ്. മഹാരാഷ്ട്രയിൽ ബാങ്കുകൾ 46.95 ലക്ഷം കോടി രൂപയുടെ വായ്പകളാണ് നൽകിയിട്ടുള്ളത്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ബാങ്കുകളിലെ നിക്ഷേപം 13.4% വളർച്ചയോടെ 212.54 ലക്ഷം കോടി രൂപയിലെത്തി. 46.7 ലക്ഷം കോടി രൂപയുടെ നിക്ഷേപവുമായി മഹാരാഷ്ട്രയാണ് മുൻനിരയിൽ. 17.46 ലക്ഷം കോടി രൂപയുമായി ഉത്തർപ്രദേശും 16.82 ലക്ഷം കോടി രൂപയുമായി കർണാടകയും 16.59 ലക്ഷം കോടി രൂപയുമായി ന്യൂഡൽഹിയും അടുത്ത സ്ഥാനങ്ങളിലുണ്ട്.

അഡ്മിഷൻ തുടരുന്നു...

2024–2025
Integrated MBA MCA (5 years)
Qualification: Plus Two
OTHER COURSES:
- B.Sc. Food Technology
- B.Sc. Microbiology
- B.Sc. Cyber Forensic
- B.Sc. Apparel and Fashion Technology
- B.A. Animation
KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com

സൊസൈറ്റി ടുഡേ
SOCIETY TODAY



സംഗീത സംവിധായകൻ ജെറി അമൽദേവിനോടുള്ള ആദരസൂചകമായി  മലയാള പിന്നണി ഗായകരുടെ സംഘടനയായ 'സമം' സംഘടിപ്പിക്കുന്ന സാന്ദ്രലയം സംഗീത പരിപാടിയുടെ മുന്നോടിയായി ഗായകരായ കെ എസ് ചിത്ര, ജോത്സന, അഫ്സൽ, സുദീപ്കുമാർ, രാജശ്രീ തുടങ്ങിയവരുടെ നേതൃത്വത്തിൽ  കലൂർ ഐഎംഎ ഹൗസിൽ  റിഹേഴ്സൽ നടത്തുന്നു.

# ജെറി അമൽദേവിന് ആദരം ; സാന്ദ്രലയം ഇന്ന് ഐഎംഎയിൽ

## കെ എസ് ചിത്ര,കെ.ജി മാർക്കോസ്,വിജയ് യേശുദാസ് ഉൾപ്പെടെയുള്ള ഗായകർ പങ്കെടുക്കും

**കൊച്ചി:** ശതാഭിഷിക്തനായ മലയാള ചലച്ചിത്ര സംഗീത സംവിധായകൻ ജെറി അമൽദേവിനോടുള്ള ആദരസൂചകമായി കൊച്ചിൻ ഐഎംഎയുടെ സഹകരണത്തോടെ പബ്ലിക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യ(പിആർസി ഐ) കൊച്ചിൻ ചാപ്റ്റർ, ഡയമണ്ട് സ്പൂൺ പ്രീമിയം വെഡ്ഡിംഗ് എന്നിവരുമായി ചേർന്ന് മലയാള പിന്നണി ഗായകരുടെ സംഘടനയായ ' സമം ' സംഘടിപ്പിക്കുന്ന സാന്ദ്രലയം സംഗീത പരിപാടി ഇന്ന് (ആഗസ്റ്റ് 20) വൈകിട്ട് ഏഴിന് ഇന്ന് കലൂർ ഐഎംഎ ഹൗസിൽ നടക്കും.

ജെറി അമൽദേവിനൊപ്പം പ്രവർത്തിച്ച സംഗീതജ്ഞരും ചലച്ചിത്ര സംവിധായകരും ഉൾപ്പെടെ ചലച്ചിത്ര രംഗത്തെ പ്രമുഖരും,വിവിധ ചലച്ചിത്ര സംഘടനകളും ചടങ്ങിൽ പങ്കെടുക്കും. പദ്മവിഭൂഷൺ ഡോ കെ എസ് ചിത്ര , കെ.ജി മാർക്കോസ് , വിജയ് യേശുദാസ് തുടങ്ങിയ പ്രമുഖ ഗായകർ ജെറി അമൽദേവ് സംഗീത സംവിധാനം നിർവ്വഹിച്ച സൂപ്പർ ഹിറ്റ് ഗാനങ്ങൾ ആലപിക്കും.

സംഗീത പരിപാടിയുടെ മുന്നോടിയായി ഗായകരായ ഡോ. കെ എസ് ചിത്ര, ജോൽസന, അഫ്സൽ, സുദീപ്കുമാർ, രാജശ്രീ എന്നിവരുടെ നേതൃത്വത്തിൽ  കലൂർ ഐഎംഎ ഹൗസിൽ ഇന്നലെ പ്രോഗ്രാമിന്റെ റിഹേഴ്സൽ നടത്തി. പ്രവേശനം പാസ് മൂലം. കൂടുതൽ വിവരങ്ങൾക്ക് 8943264775

# റോബോട്ടിക്സ് റൗണ്ട് ടേബിൾ ഏകദിന സമ്മേളനം 23 ന്

**കൊച്ചി:** നൂതനസാങ്കേതിക വിദ്യയിൽ കേരളത്തെ ആഗോള ഡെസ്റ്റിനേഷനാക്കി മാറ്റാനുള്ള ശ്രമങ്ങളുടെ ഭാഗമായി സംസ്ഥാന വ്യവസായവാണിജ്യവകുപ്പിനു കീഴിലുള്ള കെഎസ്ഐഡിസി സംഘടിപ്പിക്കുന്ന റോബോട്ടിക്സ് റൗണ്ട് ടേബിൾ ഏകദിനസമ്മേളനം വെള്ളിയാഴ്ച കൊച്ചിയിൽ നടക്കുമെന്ന് മന്ത്രി പി രാജീവ് കൊച്ചിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.കൊച്ചി ഗ്രാന്റ് ഹയാത്ത് കൺവെൻഷൻ സെൻററിൽ രാവിലെ ഒമ്പത് മുതൽ വൈകീട്ട് അഞ്ച് വരെ നടക്കുന്ന സമ്മേളനം വ്യവസായനിയമകയർ വകുപ്പ് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും. വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും കെഎസ്ഐഡിസി എംഡിയുമായ എസ് ഹരികിഷോർ, കെഎസ്ഐഡിസി ചെയർമാൻ പോൾ ആൻറണി, എക്സിക്യൂട്ടീവ് ഡയറക്ടർ ഹരി കൃഷ്ണൻ ആർ, കിൻഫ്ര എംഡി സന്തോഷ് കോശി തോമസ് തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും. റോബോട്ടിക്സ് സാങ്കേതികമേഖലയിൽ കേരളത്തിൽ നിന്ന് എന്തു പ്രതീക്ഷിക്കുന്നുവെന്നതിനെക്കുറിച്ച് പത്തോളം ആഗോളവിദഗ്ധർ റൗണ്ട് ടേബിളിൽ സംസാരിക്കും.അർമാഡ എഐ യുടെ വൈസ്പ്രസിഡൻറ് പ്രാഗ് മിശ്ര, ഇൻഡസ്ട്രിയൽ എഐ അക്സഞ്ചർ എം ഡി ഡെറിക് ജോസ്, സ്റ്റാർട്ടപ്പ് മെൻററും ഇംപാക്ട് ഇനോവേറ്ററുമായ റോബിൻ ടോമി എന്നിവർ പ്രഭാഷണം നടത്തും.ഭാവിയിലെ നൂതനത്വവും സർക്കാർ വ്യവസായ കൂട്ടായ്മയിലൂടെയുള്ള വാണിജ്യ വളർച്ചയും എന്ന വിഷയത്തിൽ കേരള ടെക്നിക്കൽ സർവകലാശാല, ഡിജിറ്റൽ സർവകലാശാല എന്നിവയുടെ വൈസ് ചാൻസിലർ ഡോ. സജി ഗോപിനാഥ്, ഇൻകെർ റോബോട്ടിക്സ് സിഇഒ രാഹുൽ ബാലചന്ദ്രൻ, ഐറ സിഇഒ പല്ലവ് ബജൂരി, കുസാറ്റ് പ്രൊഫ. എം വി ജൂഡി തുടങ്ങിയവർ സംസാരിക്കും.കേരളത്തിലെ റോബോട്ടിക്സ് സാങ്കേതികവിദ്യയിലെ മുൻനിരക്കാരായ ജെൻ റോബോട്ടിക്സ് സഹസ്ഥാപകൻ നിഖിൽ എൻ പി, അസിമോവ് റോബോട്ടിക്സ് സിഇഒ ജയകൃഷ്ണൻ ടി, ഗ്രിഡ്ബോട്ട് ടെക്നോളജീസ് സിടിഒ പുൾകിത് ഗൗർ, ഐറോവ് സഹസ്ഥാപകൻ ജോൺസ് ടി മത്തായി തുടങ്ങിയവർ തങ്ങളുടെ അനുഭവം പങ്ക് വയ്ക്കും. കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക മോഡറേറ്ററാകും.

നാനൂറിലധികം പ്രതിനിധികൾ, 35 എക്സിബിഷനുകൾ, അക്കാദമികവിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള പ്രമുഖ വ്യക്തികളുടെ പ്രാതിനിധ്യം തുടങ്ങിയവ റോബോട്ടിക്സ് റൗണ്ട് ടേബിളിലുണ്ടാകും. 195 സ്റ്റാർട്ടപ്പുകളും റൗണ്ട് ടേബിളിൽ പങ്കെടുക്കും.  സ്റ്റാർട്ടപ്പുകൾക്കും ഐഇഡിസികൾക്കും  തങ്ങളുടെ നൂതനാശയങ്ങളും പ്രവർത്തനമാതൃകകളും നിർദ്ദിഷ്ട പാനലിനു മുമ്പിൽ അവതരിപ്പിച്ച് നിക്ഷേപം ആകർഷിക്കുന്നിനുള്ള സംവിധാനവും സമ്മേളനത്തിൽ ഒരുക്കിയിട്ടുണ്ട്.

ബന്ധം ശക്തിപ്പെടുത്തുന്നതിനും മികച്ച ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനും വ്യക്തമായ കാഴ്ചപ്പാടോടെയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന രണ്ടാമത്തെ പ്രധാന സമ്മേളനമാണ് റോബോട്ടിക്സ് റൗണ്ട് ടേബിൾ. ഐബി എമ്മുമായി ചേർന്ന് ജൂലായ് മാസത്തിൽ കൊച്ചിയിൽ നടത്തിയ ജെനറേറ്റീവ് എഐ അന്താരാഷ്ട്ര കോൺഫറൻസ് ഈ പ്രവർത്തന പരമ്പരയുടെ ആദ്യ പടിയായിരുന്നു. ഇതിൻറെ തുടർച്ചയായി സംസ്ഥാനത്ത് 12,000 കോടി രൂപയുടെ നിക്ഷേപം നടത്തുന്ന സംരംഭകരെ ഒന്നിച്ചു ചേർത്ത് നടത്തിയ ഏകദിന സമ്മേളനവും ശ്രദ്ധയാകർഷിച്ചു.

ഇനി മുംബൈ, ഡൽഹി, ദുബായ്, ഖത്തർ, സൗദി അറേബ്യ എന്നിവിടങ്ങളിലും റോഡ് ഷോ നടത്തും. ഈ സമ്മേളനപരമ്പരയിലെ പ്രവർത്തനങ്ങളുടെ സമഗ്രമായ ഒത്തു ചേരലാകും 2025 ഫെബ്രുവരിയിൽ നടത്താൻ പോകുന്ന ഗ്ലോബൽ ഇൻവസ്റ്റേഴ്സ് മീറ്റ്.വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, വ്യവസായവാണിജ്യ വകുപ്പ് ഡയറക്ടറും കെഎസ്ഐഡിസി എംഡിയുമായ എസ് ഹരികിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ ഹരി കൃഷ്ണൻ ആർ തുടങ്ങിയവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.



ആലുവ ജീവസ്സ് കേന്ദ്രത്തിൽ പ്രഭാഷണ പരിപാടി സി എം ഐ വികാർ പ്രൊവിൻഷ്യൽ റവ ഡോ മാത്യു കോയിക്കര സി എം ഐ ഉദ്ഘാടനം ചെയ്യുന്നു.

# പ്രതിമാസ പ്രഭാഷണം നടത്തി

**ആലുവ** :ആലുവ ജീവസ്സ് കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന പ്രഭാഷണപരിപാടിയുടെ ഭാഗമായി 'ആധുനിക ഇന്ത്യയ്ക്ക് ധാർമികത നഷ്ടപ്പെടുന്നുവോ'എന്ന വിഷയത്തെ അധികരിച്ചു പ്രഭാഷകനും ഗ്രന്ഥകാരനുമായ ഡോ ടി എസ് ജോയി പ്രഭാഷണം നടത്തി.സി എം ഐ രാജഗിരി പ്രൊവിൻസ് വികാർ ജനറൽ റവ ഡോ മാത്യു കോയിക്കര സി എം ഐ ഉദ്ഘാടനം ചെയ്ത യോഗത്തിൽ ഫാ സജി തെക്കേകൈതക്കാട്ട് സി എം ഐ അധ്യക്ഷനായിരുന്നു.മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ സൈജി ജോളി, ബാബു കെ വർഗീസ്, പ്രിയോർ ഫാ പോൾ നെടുംചാലിൽ സി എം ഐ,ജോസി പി ആൻഡ്രൂസ്, ലെസ്ലി ജോസഫ് എന്നിവർ സംസാരിച്ചു.

# ഫസീല അഫ്സർ- എം ജി യൂണിവേഴ്സിറ്റി രണ്ടാം റാങ്ക്



മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ബിരുദാനന്തര ബിരുദ പരീക്ഷയിൽ കമ്പ്യൂട്ടർ സയൻസ് പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ പെരുമ്പാവൂർ വളയൻചിറങ്ങര ശ്രീ ശങ്കരാ വിദ്യാപീഠം കോളേജിലെ ഫസീല അഫ്സർ.ആലുവ യുസി കോളേജ് കടുപ്പാടം സ്വദേശി അഫ്സർ  സുഹറ ദമ്പതികളുടെ മകളാണ് .

# എംജെഎസ്എസ്എ കലോത്സവം: സ്വാഗത സംഘം രൂപീകരിച്ചു

**കോലഞ്ചേരി:** എം ജെ എസ് എസ് എ കോലഞ്ചേരി മേഖലാ കലോത്സവത്തിന് സ്വാഗതസംഘം രൂപീകരിച്ചു . പൂതൃക്ക സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ ചേർന്ന യോഗം വികാരി ഫാദർ പൗലോസ് പുതിയാമഠം ഉത്ഘാടനം ചെയ്തു.

എം ജെ എസ് എസ് എ കണ്ടനാട് ഭദ്രാസന വൈസ് പ്രസിഡന്റ് ഫാദർ ഷിബിൻ പോൾ പെരുമ്പാട്ട് അദ്ധ്യക്ഷത വഹിച്ചു. എം ജെ എസ് എസ് എ എക്സിക്യൂട്ടീവ് അംഗം എ വി തങ്കച്ചൻ, ഭദ്രാസന ഡയറക്ടർ ബിനോയ് പി ജോർജ്, സെക്രട്ടറി ബാബു പോൾ, ഷെവലിയർ എം ജെ മർക്കോസ്,ഷെവ. ജയ് പി ജോർജ്,എൻ റ്റി പൗലോസ്, എ പി ബേബി, സോൺ ഡയറക്ടർ റ്റി കെ പീറ്റർ, സെക്രട്ടറി സാജു കെ പി, പൂതൃക്ക പള്ളി ട്രസ്റ്റ് പ്രസിഡന്റ് ഡോ. ബനോജ്, സെക്രട്ടറി സിനോൾ വി. സാജു എന്നിവർ പ്രസംഗിച്ചു. വിവിധ ജില്ലകളിൽ നിന്നുള്ള മത്സരാർത്ഥികളെ സ്വീകരിയ്ക്കുന്നതിനും കലോത്സവ നടത്തിപ്പിനുമായി കണ്ടനാട് ഭദ്രാസനാധിപൻ ഡോക്ടർ മാത്യൂസ് മോർ ഇവാനിയോസ് മെത്രാപ്പോലീത്ത രക്ഷാധികാരിയായും ഫാദർ ഷിബിൻ പോൾ, ഫാദർ പൗലോസ് പുതിയാമഠം, ഷെവലിയർ എം ജെ മർക്കോസ്, ഷെവ. ജോയ് പി ജോർജ്, എ വി തങ്കച്ചൻ, ബിനോയ് പി ജോർജ്, ബാബു പോൾ, ഡോക്ടർ ബെനോജ്, സിനോൾ വി സാജു എന്നിവർ ഉപ രക്ഷാധികാരിമാരായും റ്റി കെ പീറ്റർ ചെയർമാനായും കെ പി സാജു കൺവീനറായും തെരഞ്ഞെടുക്കപ്പെട്ടു.

പി വി തോമസ്, ജോയി വർഗീസ്, എം വൈ സജി, എൻ റ്റി പൗലോസ്, അനീഷ് മാത്യു പോൾ,ഐസി മർക്കോസ്, കെ വി എൽദോ എന്നിവർ ചെയർമാന്മാരായി വിവിധ സബ് കമ്മിറ്റികളും രൂപീകരിച്ചു.

സെപ്റ്റംബർ 21 ന് പൂതൃക്ക സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ 4 വേദികളിലായി മത്സരങ്ങൾനടക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# അലർജി ഇമ്മ്യൂണോളജി ക്ലിനിക് തുറന്ന് കൊല്ലം ആസ്റ്റർ പിഎം എഫ് ആശുപത്രി

**കൊല്ലം:** അലർജി സംബന്ധമായ പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുകൾ നേരിടുന്നവർക്ക് സമഗ്രമായ ചികിത്സ ലഭ്യമാക്കുന്നതിനായി കൊല്ലം ആസ്റ്റർ പിഎംഎഫിൽ പ്രത്യേക അലർജി ഇമ്മ്യൂണോളജി ക്ലിനിക് പ്രവർത്തനമാരംഭിച്ചു. കുട്ടികൾക്കും മുതിർന്നവർക്കും അലർജിക്കെതിരെ സവിശേഷ ശ്രദ്ധയും പരിചരണവും ചികിത്സയും ലഭ്യമാക്കുന്നതിനാണ് പുതിയ സംരംഭം ആരംഭിച്ചത്. ക്ലിനിക്കിന്റെ ഉദ്ഘാടനം ശാസ്താംകോട്ട സബ് ഇൻസ്പെക്ടർ ഷാനവാസ് കെ.എച്ച് നിർവഹിച്ചു. ചൊവ്വ, ബുധൻ, വ്യാഴം ദിവസനങ്ങളിൽ ഉച്ചയ്ക്ക് 12.30 മുതൽ 2.30 വരെയാണ് ക്ലിനിക്ക് പ്രവർത്തിക്കുക.

വ്യത്യസ്തങ്ങളായ അലർജികളുടെ കാരണങ്ങൾ പരിശോധിച്ച് കണ്ടെത്തുന്നതിനും ചികിൽസിക്കുന്നതിനുമുള്ള വിപുലമായ സൗകര്യങ്ങളും വിദഗ്ധരായ ഡോക്ടർമാരുടെ സേവനവുമാണ് പുതിയ ക്ലിനിക്കിൽ ഉള്ളത്. അലർജി കൃത്യമായി കണ്ടെത്തുന്നതിന് ഇന്ന് ലോകത്ത് ലഭ്യമായിട്ടുള്ള ഏറ്റവും നൂതന സംവിധാനമായ കമ്പണണ്ട് റിസോൾവ്ഡ് പരിശോധന (സി.ആർ.ഡി) ഉൾപ്പെടെ സജ്ജമാക്കിയിട്ടുണ്ട്. കുട്ടികളിലെ അലർജി സംബന്ധമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും മറ്റ് സ്വകാര്യ ആശുപത്രികളിലൊന്നും കാണാനാകാത്ത സൗകര്യങ്ങളാണ് ആസ്റ്റർ പിഎംഎഫിലെ ക്ലിനിക്കിൽ ഉള്ളത്. ആസ്ത്മ, റൈനൈറ്റിസ് (തുമ്മൽ, തൊണ്ടയിലെ ചൊറിച്ചിൽ, മൂക്കടപ്പ്, മൂക്കൊലിപ്പ്), തൊലി ചുവന്നു തടുക്കുന്ന അർട്ടിക്കേരിയ, ചൊറി, കരപ്പൻ, ഭക്ഷണത്തോടുള്ള അലർജി, പൊടിയോടുള്ള അലർജി, ഫങ്കസ് അലർജി, വീടിനകത്തും പുറത്തും അനുഭവപ്പെടുന്ന വിവിധതരം അലർജികൾ, ചെങ്കണ്ണും കണ്ണിലെ ചൊറിച്ചിലും, ഗുരുതര സ്വഭാവമുള്ള മറ്റ് അലർജികൾ (അനാഫൈലക്സിസ് ഉൾപ്പെടെ) എന്നിവയ്ക്കുള്ള ചികിത്സ ക്ലിനിക്കിൽ ലഭ്യമാണെന്ന് ഡോ. നഫിൽ അബ്ദുൽ മജീദ് പറഞ്ഞു.




മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള 10 ലക്ഷം രൂപയുടെ ചെക്ക് നിറ്റ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡ് എംഡി പ്രവീൺ വെങ്കിട്ടരമണൻ വ്യവസായ മന്ത്രി പി. രാജീവിന് കൈമാറുന്നു. നിറ്റ ജലാറ്റിൻ, സീനിയർ ജിഎം ഓപ്പറേഷൻസ് കെ.പ്രദീപ് കുമാർ, സിഎഫ്ഒ പി. സഹസ്രനാമൻ, ജി.എം എച്ച്ആർ വി.അജിത്, കെഎസ്ഐഡിസി എംഡി എസ്. ഹരികിഷോർ, കേരള ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് തുടങ്ങിയവർ സമീപം

# കാഴ്ചവെല്ലുവിളി നേരിടുന്നവർക്ക് ഫോട്ടോഗ്രാഫി ശിൽപ്പശാല

**കൊച്ചി:** ലോക ഫോട്ടോഗ്രാഫി ദിനത്തോട് അനുബന്ധിച്ചു കാഴ്ചവെല്ലുവിളി നേരിടുന്നവർക്കായി ഫോട്ടോഗ്രാഫി ശിൽപ്പശാല സംഘടിപ്പിച്ചു. ചാവറ കൾച്ചറൽ സെന്റർ, എസ് ആർ വി സി, എൻവിഷൻ ട്രസ്റ്റ്, ഐ ഷൂട്ട് ഫോട്ടോഗ്രഫി എന്നിവർ ചേർന്നാണ് ചാവറ കൾച്ചറൽ സെന്ററിൽ വെച്ച് ക്യാമറകളുടെ ലോകത്തിന്റെ പുത്തൻ അറിവുകളും സാധ്യതകളും കാഴ്ച വെല്ലുവിളി നേരിടുന്നവർക്ക് പകർന്നു നൽകിയത്. ഐ ഷൂട്ട് ഫോട്ടോഗ്രഫിയുടെ ഡയറക്ടർ നജുമുദീൻ പതിനാലോളം വരുന്ന കാഴ്ച വെല്ലുവിളി നേരിടുന്ന കുട്ടികൾക്കു ക്യാമറകളുടെ പ്രവർത്തനവും, എ ഐ സാങ്കേതിക വിദ്യയുടെ പ്രയോഗവും, ഏതൊക്കെ രീതിയിൽ ക്യാമറകൾ ഉപയോഗപ്പെടുത്താം എന്നതും പരിചയപ്പെടുത്തി. സുനിൽ ജെ മാത്യു (മാനേജിങ് ട്രസ്റ്റീ , എൻവിഷൻ ട്രസ്റ്റ്) പരിപാടിക്ക് നേതൃത്വം നൽകി . 2016 മുതൽ കാഴ്ച വെല്ലുവിളി നേരിടുന്നവർക് വേണ്ടി എൻവിഷൻ ട്രസ്റ്റ് എന്ന പേരിൽ ടെലി കാളിങ് സർവീസ് സെന്റർ പ്രവർത്തിച്ചു വരികയാണ്. കാഴ്ചവെല്ലുവിളി നേരിടുന്നവർക്ക് ഫോട്ടോഗ്രാഫിയുടെ അറിവും അത് ഉപയോഗിക്കാനുള്ള പ്രചോദനവും പ്രായോഗികമായ പരിചയവും ഈ വർക് ഷോപ്പിലൂടെ നൽകാൻ കഴിഞ്ഞതിന്റെ സന്തോഷത്തിലാണ് സംഘാടകർ.




കാഴ്ച വെല്ലുവിളികൾ നേരിടുന്നവർക് എങ്ങനെ ക്യാമറ ഉപയോഗിക്കാം, അവർക് സ്വന്തമായി വീഡിയോ ചെയ്തു എങ്ങനെ പൊതു ജനങ്ങളിലേക് എത്തിക്കാം എന്നീ ചിന്തകളിൽ നിന്നാണ് നജുമുദീൻ ഈ ഒരു ഉദ്യമത്തിലേക് എത്തുന്നത്. തന്റെ അടുക്കൽ ക്യാമറ പഠിക്കാൻ എത്തിയ ജിജേഷ് എന്ന കാഴ്ച വെല്ലുവിളി നേരിടുന്ന വിദ്യാർഥിയിലൂടെ ആദ്യത്തെ പരീക്ഷണാടിസ്ഥാനത്തിൽ ക്ലാസ് തുടങ്ങുകയും, ഇനിയും ഒരുപാട് പേരിലേക് എത്തിക്കാനുമുള്ള ശ്രമത്തിലാണ് നജുമുദീൻ. എ ഐ സാങ്കേതിക വിദ്യയിലുലൂടെ പ്രവർത്തിക്കുന്ന ഗിമ്പൽ വഴി അവർക് നല്ല രീതിയിൽ ക്യാമറ ഉപയോഗിക്കാം എന്നാണ് നജുമുദീന്റെ വിശ്വാസം.

# യുവ ഡോക്ടറുടെ കൊലപാതകം: പ്രതിഷേധിച്ച് ഗവ.ആയുർവേദ കോളജ് ഹൗസ് സർജൻസ്

**തൃപ്പൂണിത്തുറ:** കൽക്കത്ത ആർ കെ ഘർ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലെ യുവ ഡോക്ടറെ ക്രൂരമായി കൊലപ്പെടുത്തിയ സംഭവത്തിൽ ഒപി ക്ലിനിക്കുകളും വാർഡ് ഡ്യൂട്ടികളും ബഹിഷ്കരിച്ച് തൃപ്പൂണിത്തുറ ഗവൺമെൻറ് ആയുർവേദ കോളേജ് ഹോസ്പിറ്റലിലെ ഹൗസ് സർജൻസ് അസോസിയേഷൻ പ്രതിഷേധിച്ചു.

ഹൗസ് സർജൻസ് അസോസിയേഷൻ പ്രസിഡൻറ് ഡോ. കാർത്തിക എ വി, സെക്രട്ടറി ഡോ. ശരണ്യ എസ് ആർ, ഡോ. നീരജ റോസ് ജെയിംസ് എന്നിവർ നേതൃത്വം നൽകിയ പ്രതിഷേധത്തിൽ ഹോസ്പിറ്റലിലെ മുഴുവൻ ഹൗസ് സർജൻസും പങ്കുചേർന്നു.അക്രമങ്ങളിൽ നിന്ന് ആരോഗ്യ പ്രവർത്തകരെ സംരക്ഷിക്കാൻ കേന്ദ്ര നിയമം നടപ്പാക്കണമെന്ന് യുവ ഡോക്ടർമാർ ആവശ്യപ്പെട്ടു.

ക്രൂരമായ കുറ്റകൃത്യം നടത്തിയവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നും യുവതിയുടെ കൊലപാതകത്തിലേക്ക് നയിച്ച സുരക്ഷാ വീഴ്ചയ്ക്ക് ഉത്തരവാദികളായ അധികാരികൾ ഉടൻ രാജിവെക്കണമെന്നും അവർ ആവശ്യപ്പെട്ടു. ഹൗസ് സർജൻസ് ഹോസ്പിറ്റൽ ഒ. പി ക്ലിനിക്കുകൾക്ക് മുന്നിൽ മുദ്രാവാക്യമുയർത്തി പ്രതിഷേധിക്കുകയും ഹോസ്പിറ്റലിനുള്ളിൽ മൗന ജാഥയുമായി ദുഃഖം ആചരിക്കുകയും ചെയ്തു.

ആരോഗ്യ പ്രവർത്തകരുടെ സുരക്ഷിതത്വം ഇല്ലായ്മ ആശങ്കാജനകമാണെന്ന് ഹൗസ് സർജൻസ് അസോസിയേഷൻ പ്രസിഡൻറ് ഡോ. എ.വി കാർത്തിക അറിയിച്ചു.

# പിരമൽ ഫിനാൻസ് ബ്രാഞ്ചുകളുടെ എണ്ണം 500 കടന്നു

**കൊച്ചി:** പിരമൽ എന്റർ പ്രൈസസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള പിരമൽ ഫിനാൻസ് സാമ്പത്തിക വർഷം 2025ൻറെ ആദ്യ ത്രൈമാസത്തിൽ തന്നെ ബ്രാഞ്ചുകളുടെ എണ്ണം 500 പിന്നിട്ടു.

കഴിഞ്ഞ ഒരു വർഷത്തിനിടെ കമ്പനി 100 ബ്രാഞ്ചുകൾ കൂട്ടിച്ചേർത്തു. രാജ്യത്തെ 26 സംസ്ഥാനങ്ങളിലെ 13,000 പിൻകോഡുകളിലായി ഇതോടെ 501 പരമ്പരാഗത ബ്രാഞ്ചുകളും 210 മൈക്രോഫിനാൻസ് ബ്രാഞ്ചുകളുമായി.

സാമ്പത്തിക വർഷം 2025ൽ 100 ബ്രാഞ്ചുകൾ കൂടി ആരംഭിക്കാനും ആലോചിക്കുന്നുണ്ട്. ഇതോടെ പരമ്പരാഗത ബ്രാഞ്ചുകളുടെ എണ്ണം 1000 കേന്ദ്രങ്ങളിലായി 600ലധികമാകും.സാമ്പത്തിക വർഷം 2025ൻറെ ആദ്യ പാദം തന്നെ ശക്തമായ വളർച്ച നേടിയതിൽ പിരമൽ ഫിനാൻസ് ആഹ്ളാദത്തിലാണെന്നും ഇത് നിലനിർത്തുന്നതിൽ തങ്ങൾ പ്രതിജ്ഞാബദ്ധമാണെന്നും പിരമൽ ഫിനാൻസ് എംഡി ജയ്റാം ശ്രീധരൻ പറഞ്ഞു.





ഗുരുദേവ ജയന്തിയോടനുബന്ധിച്ച് ശിവഗിരിയിൽ ഉയർത്തുന്ന ധർമ്മപതാക മുരുക്കും പുഴ ക്ഷേത്രത്തിൽ നിന്നും തിരിച്ച് മഹാസമാധിയിൽ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡൻറ് സച്ചിദാനന്ദ സ്വാമി, ട്രഷറർ സ്വാമി ശാരദാനന്ദ, ഗുരുധർമ്മപ്രചരണസഭ സെക്രട്ടറി സ്വാമി അസംഗാനന്ദഗിരി, സ്വാമി വിശാലാനന്ദ, സ്വാമി വിരജാനന്ദഗിരി സ്വാമി നാരായണദാസ് തുടങ്ങിയവർ ചേർന്നു സ്വീകരിച്ചപ്പോൾ.

# ഗുരുദേവ ജയന്തി ഇന്ന് ലോകമെങ്ങും ശാന്തിഘോഷയാത്ര

**ശിവഗിരി :** ശ്രീനാരായണഗുരുദേവൻറെ 170ാമത് തിരുജയന്തിയ്ക്ക് ആർഭാടത്തോടെയുള്ള ഘോഷയാത്ര ഒഴിവാക്കി ഭക്തിനിർഭരമായ നാമ സങ്കീർത്തന ശാന്തി ഘോഷയാത്ര ലോകമെങ്ങും ഇന്ന് നടക്കും. ചതയപൂജ, പ്രാർത്ഥന, ജയന്തിസമ്മേളനം, അന്നദാനം എന്നിവയെത്തുടർന്ന് ഗുരുദേവനാമം ഉരുവിട്ടുള്ള നാമസങ്കീർത്തനയാത്ര എവിടെയും ഉണ്ടാകും. ഘോഷയാത്ര ആർഭാട രഹിതമായി സംഘടിപ്പിച്ച ശേഷം സായാഹ്നത്തിൽ വയനാട്ടിൽ ദുരിതം അനുഭവിക്കുന്നവർക്കായി ഗുരുദേവ പ്രസ്ഥാനങ്ങളിലും ക്ഷേത്രങ്ങളിലും ശാന്തി ദീപം (ചതയദീപം) തെളിച്ചു പ്രാർത്ഥിക്കും. പുലർച്ചെ 6 മുതൽ 6.30 വരെ തിരുവവതാര മുഹൂർത്ത പ്രാർത്ഥന ശിവഗിരി മഹാസമാധി സന്നിധാനത്തിൽ നടക്കും. തുടർന്ന് ഏഴിന് ധർമ്മസംഘം ട്രസ്റ്റ് പ്രസിഡൻറ് സച്ചിദാനന്ദ സ്വാമി പതാക ഉയർത്തും. 7.30 ന് ജപയജ്ഞത്തിന് സ്വാമി പരാനന്ദ ദീപം തെളിക്കും. 9.30 ന് കേന്ദ്ര ടൂറിസം പെട്രോളിയം വകുപ്പ് സഹമന്ത്രി സുരേഷ്ഗോപി 170ാമത് തിരുജയന്തി സമ്മേളനം ഉദ്ഘാടനം ചെയ്യും. സച്ചിദാനന്ദ സ്വാമി അധ്യക്ഷത വഹിക്കും. ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ അടൂർ പ്രകാശ് എം.പി., അഡ്വ. വി. ജോയ് എം.എൽ.എ , മുനിസിപ്പൽ ചെയർമാൻ കെ.എം. ലാജി, എന്നിവർ പ്രഭാഷണങ്ങൾ നടത്തും. ജപയജ്ഞം ധർമ്മസംഘം ട്രഷറർ സ്വാമി ശാരദാനന്ദ ഉദ്ഘാടനം ചെയ്യും. ജയന്തി ആഘോഷ കമ്മിറ്റി സെക്രട്ടറി സ്വാമി അസംഗാനന്ദഗിരി, ബി.ജെ.പി. ജില്ലാ പ്രസിഡൻറ് വി.വി. രാജേഷ് ആഘോഷ കമ്മിറ്റി ചെയർമാൻ കെ. ജി. ബാബുരാജൻ, ഗുരുധർമ്മ പ്രചരണസഭാ ഉപദേശകസമിതി ചെയർമാൻ വി.കെ. മുഹമ്മദ് ഭിലായ്, സഭാ രജിസ്ട്രാർ കെ.ടി. സുകുമാരൻ എസ്.എൻ.ഡി.പി. യൂണിയൻ സെക്രട്ടറി അജി എസ്.ആർ.എം., അമ്പലത്തറ രാജൻ, (സേവനം യു.എ.ഇ.) മുൻ മുനിസിപ്പൽ ചെയർമാൻ സൂര്യപ്രകാശ്, വാർഡ് കൗൺസിലർ രാഖി എന്നിവർ പ്രസംഗിക്കും.

**ശിവഗിരിയിൽ ജയന്തി ഘോഷയാത്ര**

വിശേഷാൽ ചടങ്ങുകൾ പുലർച്ചെ ആരംഭിക്കും. വൈകിട്ട് 5.30ന് മഹാസമാധിയിൽ നിന്നും നാമസങ്കീർത്തന ഘോഷയാത്ര തിരിച്ച് ഗുരുദേവൻ സ്ഥാപിച്ച മാതൃകപാഠശാലയിലെത്തി (ശിവഗിരി) എസ്.എൻ.കോളേജ്, നാരായണ ഗുരുകുലം ജംഗ്ഷനിലൂടെ മഹാസമാധിയിൽ തിരിച്ചെത്തി പ്രാർത്ഥനയോടെ സമാപിക്കും. ഘോഷയാത്രയിൽ മുൻ പതിവ് ഫ്ളോട്ടുകളും മറ്റും ഒഴിവാക്കിയിട്ടുണ്ട്. നാടിൻറെ നാനാഭാഗത്ത് നിന്നും എത്തിച്ചേരുന്ന ഭക്തജനങ്ങൾ പ്രാർത്ഥനകൾ ഉരുവിട്ട് ഘോഷയാത്രയിൽ അണിചേരും. ശിവഗിരി കുന്നുകളിലും പരിസരപ്രദേശങ്ങളിലും ശാന്തി ദീപം തെളിയും ശാരദാമഠം, വൈദികമഠം, ബോധാനന്ദ സ്വാമി സമാധി മണ്ഡപം മഹാസമാധി എന്നിവിടങ്ങളിലൊക്കെയും ദീപം തെളിക്കും.

**കൊടിയും കൊടിക്കയറും എത്തിച്ചു**

ഗുരുദേവ ജയന്തിയോടനുബന്ധിച്ച് ഉയർത്തുന്നതിനുള്ള ധർമ്മപതാക വാഹന ഘോഷയാത്രയായി ഗുരുദേവൻ പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ച മുരുക്കുംപുഴ കാളകണ്ഠേശ്വരം ക്ഷേത്രത്തിൽ നിന്നും ഇന്നലെ രാവിലെ പുറപ്പെട്ടു ഉച്ചയോടെ മഹാസമാധിയിൽ എത്തിച്ചേർന്നു. ഘോഷയാത്രക്ക് ഗുരുധർമ്മപ്രചരണസഭാ സെക്രട്ടറി സ്വാമി അസംഗാനന്ദഗിരി, കുറിച്ചി അദ്വൈതവിദ്യാശ്രമം സെക്രട്ടറി സ്വാമി വിശാലാനന്ദ തുടങ്ങിയവർ നേതൃത്വം നൽകി. ഗുരുധർമ്മ പ്രചരണസഭയുടേയും യുവജന സഭയുടേയും ഭാരവാഹികളും ഭക്തജനങ്ങളും ഗുരുദേവ പ്രസ്ഥാനങ്ങളും വഴി നീളെ വരവേൽപ്പ് നൽകി . മുരുക്കുംപുഴ, ചിറയിൻകീഴ്, ആനത്തലവട്ടം, അഞ്ചുതെങ്ങ്, കായിക്കര, വിളബ്ഭാഗം, വെട്ടൂർ, മട്ടിൻറെ ജംഗ്ഷൻ പിന്നിട്ടായിരുന്നു സമാധിയിൽ എത്തിച്ചത്. മഹാസമാധിയിൽ സന്യാസി ശ്രേഷ്ഠർ കൊടിയും കൊടിക്കയറും സ്വീകരിച്ചു.

# ഇൻഡെൽ മണിക്ക് പ്രവർത്തന ലാഭത്തിൽ വൻ വളർച്ച

**കൊച്ചി** :പ്രമുഖ ബാങ്കിംഗ് ഇതര ധനകാര്യ കമ്പനിയായ ഇൻഡെൽ മണി സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ പ്രവർത്തന ലാഭത്തിൽ വൻ വളർച്ച രേഖപ്പെടുത്തി. 2025 സാമ്പത്തിക വർഷം ഒന്നാം പാദത്തിൽ കമ്പനിയുടെ മൊത്ത വരുമാനം 78.52 കോടി രൂപയാണ്. കഴിഞ്ഞ വർഷം ഇതേ പാദത്തിലെ വരുമാനമായ 65.52 കോടി രൂപയേക്കാൾ 19.84 ശതമാനം അധിക വളർച്ചയാണ് ഇക്കുറി രേഖപ്പെടുത്തിയത്.ലാഭ വളർച്ച 16.76 കോടി രൂപയാണ്. ഓഹരികടം അനുപാതത്തിലും നിർണ്ണായകമായ വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്.കൂടിയ പലിശയും ആർബിഐയുടെ വായ്പാ നിബന്ധനകളും നിലനിൽക്കുമ്പോഴും 2025 സാമ്പത്തിക വർഷം ഒന്നാം പാദത്തിലെ കമ്പനിയുടെ പ്രകടനം സ്ഥിരോത്സാഹത്തിന്റേയും വളർച്ച നിലനിർത്തുന്നതിലെ പ്രതിബദ്ധതയുടേയും തെളിവാണെന്ന് ഇൻഡെൽമണി എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒ യുമായ ഉമേഷ് മോഹനൻ പറഞ്ഞു.നിയമപരമായ എല്ലാ നിബന്ധനകളും പാലിച്ചുകൊണ്ടു തന്നെ ഇൻഡെൽ മണി ആരോഗ്യകരമായ മൂലധന ക്ഷമത (ഇഅഞ) നിലനിർത്തി വരികയാണ് . നടപ്പു സാമ്പത്തിക വർഷം പുതിയ 80 ലധികം ശാഖകൾ കൂടി തുടങ്ങും. 14 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി കമ്പനിക്ക് ഇപ്പോൾ 320 ശാഖകളുണ്ട്.

# ഭാരത് കാ ചാർജർ ക്യാമ്പനുമായി കെഡിഎം

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ലൈഫ്സ്റ്റൈൽ ആൻഡ് മൊബൈൽ ആക്സസറീസ് ബ്രാൻഡായ കെഡിഎം സ്വാതന്ത്ര്യദിന കാമ്പെയ്നായ 'കെഡിഎം ഭാരത് കാ ചാർജർ' ആരംഭിച്ചു. മൊബൈൽ ഫോണുകൾ രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്ക് സംഭാവന നൽകുന്ന 'വളർച്ചയുടെ ഉപകരണം' ആണ്, കൈനറ്റിക് ഡൈനാമിക് മൊബൈൽ ചാർജിംഗ് ടെസ്റ്റിംഗ് ടെക്നോളജി (കെഡിഎംടി ടെക്നോളജി) ഫീച്ചർ ചെയ്യുന്ന കെഡിഎം ചാർജർ, മൊബൈൽ ഫോൺ അമിതമായി ചൂടാക്കൽ, അമിത ചാർജിംഗ്, വോൾട്ടേജ് ഏറ്റക്കുറച്ചിലുകൾ എന്നിവയിൽ നിന്ന് മൊബൈലുകളെ സംരക്ഷിക്കുന്നതിനായി ഇന്ത്യയിൽ രൂപകൽപ്പന ചെയ്ത് നിർമ്മിച്ച തദ്ദേശീയ ഉൽപ്പന്നമാണ്.

കെഡിഎം ട്രെയിനിംഗ് ആൻഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററിനു കീഴിൽ 2030 ഓടെ 50,000 സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ നൽകുന്നതിലൂടെ സ്ത്രീകളെ ശാക്തീകരിക്കുന്നതിനും അവരുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനും ലക്ഷ്യമിടുന്നത്.'2047ഓടെ മേക്ക് ഇൻ ഇന്ത്യയ്ക്കൊപ്പം, മേക്ക് ഫോർ ദ വേൾഡ് എന്ന മന്ത്രവുമായി മുന്നോട്ട് പോകണം. കയറ്റുമതി പ്രോത്സാഹിപ്പിക്കുമ്പോൾ ആഭ്യന്തര ഉൽപ്പാദന ശേഷി ശക്തിപ്പെടുത്തുന്നത് സഹായിക്കും. ഭാവിയിൽ, എല്ലാ കെഡിഎം ഉൽപന്നങ്ങളും ഇന്ത്യയ്ക്കുള്ളിൽ തന്നെ നിർമ്മിക്കാനും ഹാർ ഷോപ്പ് കെഡിഎം, ഹർ ഘർ കെഡിഎം സ്വപ്നം കാണാനും ആഗ്രഹിക്കുന്നുവെന്ന് കെഡിഎം സ്ഥാപകൻ എൻ ഡി മാലി പറഞ്ഞു. ഈ ചാർജറുകൾ ഇന്ത്യയിലുടനീളമുള്ള പങ്കാളിത്ത സ്റ്റോറുകളിൽ വിതരണക്കാർ, ഡീലർമാർ, റീട്ടെയിലർമാർ എന്നിവയിലൂടെ ലഭ്യമാണ്.



# ബിഎസ്എ ഗോൾഡ് സ്റ്റാർ 650 മോട്ടോർ സൈക്കിൾ ഇന്ത്യയിൽ അവതരിപ്പിച്ചു

**കൊച്ചി:** ക്ലാസിക് ലെജന്റ്സിന്റെ ഏറ്റവും വലിയ മോട്ടോർ സൈക്കിൾ ബ്രാൻഡുകളിലൊന്നായ ബിഎസ്എ (ബെർമിങ്ങാം സ്മോൾ ആംസ് കമ്പനി) ഇന്ത്യയിൽ അവതരിപ്പിച്ചു. ഒരു കാലത്ത് ലോകത്തിലെ ഏറ്റവും വലിയ മോട്ടോർസൈക്കിൾ നിർമാതാക്കളായിരുന്ന ബിഎസ്എ തങ്ങളുടെ ഗോൾഡ് സ്റ്റാർ 650 ബൈക്കുമായാണ് ഇന്ത്യൻ വിപണിയിലെത്തുന്നത്.

2.99 ലക്ഷം രൂപയാണ് ഗോൾഡ് സ്റ്റാർ 650ന്റെ ഡൽഹിയിലെ എക്സ് ഷോറൂം വില. 652 സിസി ലിക്വിഡ് കൂൾഡ് സിംഗിൾ എഞ്ചിനും 55 എൻഎം ടോർക്കുമാണ് വാഹനത്തിലുള്ളത്. ബ്രെംബോ ബ്രേക്കുകൾ, എബിഎസ്, അലൂമിനിയം എക്സൽ റിമ്മുകൾ, പിറേലി ടയറുകൾ തുടങ്ങി നിരവധി സവിശേഷതകളാണ് വാഹനത്തിലുള്ളത്. ആറ് നിറങ്ങളിൽ വാഹനം ലഭ്യമാണ്.ആഗോള മോട്ടോർസൈക്കിൾ ചരിത്രത്തിന്റെ ഒരു ഭാഗം ഇന്ത്യയിലേക്കെത്തിക്കുകയാണ് ബിഎസ്എയെ ഇന്ത്യയിലേക്ക് എത്തിക്കുന്നതു വഴി സാധ്യമായതെന്ന് മഹീന്ദ്ര ഗ്രൂപ്പ് ചെയർമാൻ ആനന്ദ് മഹീന്ദ്ര പറഞ്ഞു.

ബിഎസ്എയുടെ സുവർണ കാലത്തെ അനുസ്മരിപ്പിക്കുന്നതിനായി ഈ വാഹനത്തിന്റെ എഞ്ചിൻ ടാങ്കിന്റെ ഡിസൈൻ മുതൽ എഞ്ചിന്റെ ഓരോ കണിക വരെയും അതിയായ ശ്രദ്ധയോടെയാണ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ക്ലാസിക ലെജന്റ്സ് സഹ സ്ഥാപകൻ അനുപം തേജ പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# പാദം, കണങ്കാൽ ശസ്ത്രക്രിയാ വിദഗ്ദ്ധരുടെ ദേശീയ സമ്മേളനം

**കൊച്ചി:** ഇന്ത്യൻ ഫൂട്ട് ആൻഡ് ആങ്കിൾ സൊസൈറ്റിയുടെ 36മത് ദേശീയ സമ്മേളനം 'ഐഫാസ്കോൺ2024' ഓഗസ്റ്റ് 22 മുതൽ 24 വരെ കൊച്ചി ലെ മെറിഡിയൻ കൺവെൻഷൻ സെന്ററിൽ നടക്കും. ഫൂട്ട് ആൻഡ് ആഗിൾ ചികിത്സാരംഗത്തെ പ്രമുഖ അന്താരാഷ്ട്രദേശീയ വിദഗ്ദ്ധരും, മറ്റു ഗവേഷകരുമുൾപ്പടെ 400ലധികം പ്രതിനിധികൾ പങ്കെടുക്കും.

കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ് ആഗസ്റ്റ് 22ന് വൈകിട്ട് 7.30ന് സമ്മേളനം ഉദ്ഘാടനം ചെയ്യും.ഇന്ത്യൻ ഫൂട്ട് ആൻഡ് ആങ്കിൾ സൊസൈറ്റി പ്രസിഡന്റ് ഡോ. ടി.വി. രാജ; ഇന്ത്യൻ ഫൂട്ട് ആൻഡ് ആങ്കിൾ സൊസൈറ്റി സെക്രട്ടറി ഡോ.ഇന്ദർജിത് സിംഗ്; ഓർഗനൈസിങ്ങ് ചെയർമാൻ പ്രൊഫ ചന്ദ്രബാബു കെ .കെ, ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ. രാജേഷ് സൈമൺ,കേരള ഓർത്തോപീഡിക് അസോസിയേഷൻ പ്രസിഡന്റ് ഡോ.അനീൻ എൻ കുട്ടി, കൊച്ചിൻ ഓർത്തോപീഡിക് സൊസൈറ്റി പ്രസിഡന്റ് ഡോ. ജോൺ ടി ജോൺ എന്നിവർ സംസാരിക്കും.പാദം, കണങ്കാൽ എന്നിവയുടെ പ്രശ്നങ്ങൾ, കായിക താരങ്ങളുടെ പരിക്കുകൾ, ഫ്ലാറ്റ് ഫൂട്ട് , ഡയബറ്റിക് ചാർക്കോട്ട് ഫൂട്ട് മാനേജ്മെന്റ് , ആർത്രൈറ്റിസ്, ഡിഫോർമറ്റി മാനേജ്മെന്റ് തുടങ്ങിയവയുടെ ചികിത്സയും, താക്കോൽദ്വാര ശസ്ത്രക്രിയകളും ഉൾപ്പെടെ ഏറ്റവും പുതിയ ഗവേഷണങ്ങളും സാങ്കേതിക മുന്നേറ്റങ്ങളും സമ്മേളനം ചർച്ച ചെയ്യുമെന്ന് ലേക്ഷോർ ഹോസ്പിറ്റൽ സീനിയർ കൺസൾട്ടന്റും ഫൂട്ട് ആൻഡ് ആങ്കിൾ വിഭാഗം മേധാവിയുമായ ഡോ. രാജേഷ് സൈമൺ പറഞ്ഞു.

പ്രീകോൺഫറൻസ് ലൈവ് സർജറികൾ ഓഗസ്റ്റ് 21ന് ലേക്ഷോറിൽ നടക്കും. കണങ്കാൽ മാറ്റി വെക്കൽ, ഡയബറ്റിക് ചാർക്കോട്ട് ഫൂട്ട്, മിനിമലി ഇൻവേസീവ് ശസ്ത്രക്രിയകൾ എന്നിവ വിപിഎസ് ലേക്ഷോർ ഹോസ്പിറ്റൽ ഓഡിറ്റോറിയത്തിലെ വേദിയിൽ സംപ്രേക്ഷണം ചെയ്യും.കേരള ഓർത്തോപീഡിക് അസോസിയേഷന്റെയും കൊച്ചിൻ ഓർത്തോപീഡിക് സൊസൈറ്റിയുടെയും പിന്തുണയോടെയാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

# പി എം എസ് ഫസ്റ്റുമായി സുന്ദരം ആൾട്ടർനേറ്റ് അസറ്റ്സ്

**കൊച്ചി:** സുന്ദരം ഫിനാൻസ് ഗ്രൂപ്പിന്റെ ഉപസ്ഥാപനമായ സുന്ദരം ആൾട്ടർനേറ്റ്സ് ഫസ്റ്റ്(എ.ക.ണ.ട.ഠ) എന്ന പേരിൽ നൂതന ഫിക്സഡ് ഇൻകം ഡെറ്റ് സ്ട്രാറ്റജി പോർട്ട്ഫോളിയോ മാനേജ്മെന്റ് സർവീസസ് (പിഎംഎസ്) ആരംഭിക്കുന്നു. ഫസ്റ്റ് എന്നത് ഫിക്സഡ് ഇൻകം റേറ്റഡ് ഷോർട്ട് ടേം സ്ട്രാറ്റജിയെ സൂചിപ്പിക്കുന്നു. ഇത് പരമ്പരാഗത എഫ്ഡി നിരക്കുകളേക്കാൾ 300400 ബിപിഎസ് ഉയർന്ന മൊത്ത വരുമാനം നൽകാൻ ലക്ഷ്യമിടുന്നുവെന്ന് ഡയറക്ടർ വികാസ് എം സച്ച്ദേവ് പറഞ്ഞു.ഫസ്റ്റ് പിഎംഎസ് ഓൾസീസൺ ഉൽപന്നമായി സ്ഥാപിച്ചതാണ്. മറ്റ് ഡെറ്റ് ഉൽപ്പന്നങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ മികച്ച വരുമാനം ഇത് വാഗ്ദാനം ചെയ്യുന്നു. റേറ്റുചെയ്തതും ലിസ്റ്റുചെയ്തതുമായ ഡെറ്റ് ഉപകരണങ്ങളിൽ നിക്ഷേപിക്കുന്നതിലാണ് പോർട്ട്ഫോളിയോയുടെ രൂപകൽപ്പന. മൂലധന മൂല്യത്തേക്കാൾ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകും. സുന്ദരം ഫസ്റ്റ് വിശ്വാസ്യതയും വിവേചനാധികാരമുള്ള ഉപഭോക്താക്കളുടെ റിസ്ക് റിട്ടേൺ ആപ്പിനെ അടിസ്ഥാനമാക്കി പോർട്ട്ഫോളിയോകൾ ഇഷ്ടാനുസൃതമാക്കുന്നതിനു വഴക്കവും സംയോജിപ്പിക്കുന്നതായി വികാസ് എം സച്ച്ദേവ് പറഞ്ഞു. ആകർഷകമായ റിസ്ക് അഡ്ജസ്റ്റുചെയ്ത റിട്ടേണുകൾ ലക്ഷ്യമാക്കിയും, ഉയർന്ന വരുമാനം നൽകിക്കൊണ്ട്, എഫ്ഐആർഎസ്ടിഡെറ്റ് ഉൽപ്പന്നങ്ങൾ, നിക്ഷേപകരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അനുയോജ്യമായ ബദൽ അവതരിപ്പിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

യുഎച്ച്എൻഐ, എച്ച്എൻഐ, ഫാമിലി ഓഫീസുകൾ, കോർപ്പറേറ്റ് ട്രഷറികൾ, പെൻഷൻ ആൻഡ് ഇൻഷുറൻസ് കോസ് തുടങ്ങിയ നിക്ഷേപകർക്ക് ഈ മാർഗം ഉപകരിക്കും. റിസ്ക്അഡ്ജസ്റ്റ് ചെയ്ത റിട്ടേൺസ് പോർട്ട്ഫോളിയോ നൽകും.

# പുതിയ എക്സ്ട്രയൽ: ഇന്ത്യയിലെ ആദ്യ വിൽപന പൂർത്തിയാക്കി നിസാൻ

**കൊച്ചി:** നിസാൻ മോട്ടോർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് നാലാം തലമുറ എക്സ് ട്രയലിന്റെ ഇന്ത്യയിലെ ആദ്യ വില്പന പൂർത്തിയാക്കി. ബെംഗളൂരുവിലെ നഗർഭാവിയിലാണ് ജപ്പാനിൽ നിർമിക്കുന്ന എക്സ്ട്രെയിലിന്റെ ഇന്ത്യയിലെ ആദ്യ വില്പന നടന്നത്. വാഹനം വൈകാതെ രാജ്യമെമ്പാടും ലഭ്യമാകും. ഒപ്പം, ബംഗളൂരുവിൽ പുതുതായി തുറന്ന മൂന്നെണ്ണമോടെ കമ്പനി ഉപഭോക്തൃ ടച്ച് പോയിന്റുകളുടെ എണ്ണം രാജ്യമെമ്പാടും 273 ആയും ഉയർത്തി.

നിസാന്റെ വില്പനയിൽ ശ്രദ്ധേയ പങ്ക് തെക്കൻ മേഖല വഹിക്കുന്നുവെന്ന് എംഡി സൗരഭ് വത്സ പറഞ്ഞു. വ്യത്യസ്തമായ ഡ്രൈവിംഗ് അനുഭവം പങ്കുവെക്കുന്ന എക്സ് ട്രയൽ ലോകത്തിലെ ആദ്യ പ്രൊഡക്ഷൻ വേരിയബിൾ കംപ്രഷൻ ടർബോ എഞ്ചിൻ ഘടിപ്പിച്ചതാണ്. ഇന്ധന ക്ഷമതയിലും പവറിലും മികച്ച കാര്യശേഷിയും പ്രകടിപ്പിക്കുന്നതാണ് നിസാൻ നാലാം തലമുറ എക്സ് ട്രയൽ.




# ഇൻഷുറൻസ്: ചോള എംസും മഹീന്ദ്ര ഫിനാൻസും സഹകരിക്കും

**കൊച്ചി:** മുരുഗപ്പ ഗ്രൂപ്പിൻറേയും ജപ്പാനിലെ മിറ്റ്സുയി സുമിറ്റോമോ ഇൻഷുറൻസ് കമ്പനിയുടേയും സംയുക്ത സംരംഭമായ ചോള എംഎസ് ജനറൽ ഇൻഷുറൻസ് മഹീന്ദ്ര ഫിനാൻസുമായി സഹകരിച്ച് മോട്ടോർ ഇൻഷുറൻസും മറ്റ് ലൈഫ് ഇതര ഇൻഷുറൻസ് പദ്ധതികളും വിതരണം ചെയ്യും. മുൻനിര എൻബിഎഫ്സി ആയ മഹീന്ദ്ര ഫിനാൻസിൻറെ 10 ദശലക്ഷത്തിലേറെ ഉപഭോക്താക്കൾക്ക് ഇതിൻറെ ഗുണം ലഭിക്കും. ഈ സഹകരണം തങ്ങളുടെ വിതരണ ശൃംഖലയെ കൂടുതൽ ശക്തമാക്കുമെന്നും 26 സംസ്ഥാനങ്ങളിലായി 600ലധികം ടച്ച് പോയിൻറുകളുമായി വൈവിധ്യമാർന്ന ഇൻഷുറൻസ് പദ്ധതികൾ വിതരണം ചെയ്യാൻ തങ്ങൾ സജ്ജരാണെന്നും ചോള എംഎസ് മാനേജിങ് ഡയറക്ടർ വി സൂര്യനാരായണൻ പറഞ്ഞു.തങ്ങളുടെ ഉപഭോക്താക്കൾക്കായി പ്രത്യേകമായി ക്രമീകരിച്ച ഇൻഷുറൻസ് പദ്ധതികൾ ലഭ്യമാക്കാൻ ഈ സഹകരണം സഹായകമാകുമെന്ന് മഹീന്ദ്ര ഫിനാൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ റൗൾ റെബെല്ലോ പറഞ്ഞു.

# കൽപതരു ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** മുംബൈ മെട്രോപൊളിറ്റൻ മേഖലയിൽ പ്രവർത്തിക്കുന്ന റിയൽ എസ്റ്റേറ്റ് ഡെവലപ്പർമാരായ കൽപതരു ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. 1590 കോടി രൂപയുടെ പുതിയ ഓഹരികളാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, നോമുറ ഫിനാൻഷ്യൽ അഡ്വൈസറി ആൻഡ് സെക്യൂരിറ്റീസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ഏരിസ്ഇൻഫ്ര സൊല്യൂഷൻസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** നിർമാണ മേഖലയിൽ സാമഗ്രികളുടെ സംഭരണ പ്രക്രിയ പൂർണമായും ലളിതമാക്കുക, ഡിജിറ്റലൈസ് ചെയ്യുക എന്നിവ ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യാധിഷ്ഠിത സേവനങ്ങൾ ലഭ്യമാക്കുന്ന ഏരിസ്ഇൻഫ്ര സൊല്യൂഷൻസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് അനുമതി തേടി സെബിയ്ക്ക് കരടുരേഖ സമർപ്പിച്ചു.ഓഹരി ഒന്നിന് രണ്ട് രൂപ മുഖവിലയുള്ള 600 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ്, നുവാമ വെൽത്ത് മാനേജ്മെന്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ .

# ഇൻഡക്സ് ഫണ്ടും ഇറ്റിഎഫും അവതരിപ്പിച്ച് ഡിഎസ്പി മ്യൂച്വൽ ഫണ്ട്

**കൊച്ചി:** പ്രമുഖ അസറ്റ് മാനേജ്മെന്റ് കമ്പനിയായ ഡിഎസ്പി മ്യൂചൽ ഫണ്ട് രാജ്യത്തെ ആദ്യ നിഫ്റ്റി ടോപ് 10 ഈക്വൽ വെയ്റ്റ് ഇൻഡക്സ് ഫണ്ടും ഇറ്റിഎഫും അവതരിപ്പിച്ചു. ഇത് നിഫ്റ്റിയിലെ മികച്ച 10 ഇന്ത്യൻ കമ്പനികളിലെ ഓഹരികളുടെ വിപണി മൂല്യമനുസരിച്ച് തുല്യമായി നിക്ഷേപിക്കാൻ സഹായിക്കും. നിക്ഷേപകർക്ക് ഈ മാസം 16 മുതൽ 30 വരെ ഓഹരികൾ വാങ്ങാവുന്നതാണ്.നിഫ്റ്റി 50, നിഫ്റ്റി 500 എന്നിവയുമായി താരതമ്യപ്പെടുത്തി കൃത്യമായ മൂല്യനിർണ്ണയം നടത്തി അനുയോജ്യമായ നിക്ഷേപങ്ങളിലൂടെ ഉപഭോക്താക്കൾക്ക് മികച്ച റിട്ടേൺ ഉറപ്പാക്കാൻ ഡിഎസ്പി നിഫ്റ്റി ടോപ്പ് 10 ഇക്വൽ വെയ്റ്റ് ഇൻഡക്സ് ഫണ്ടും ഇടിഎഫും സഹായകമാകും.

# ഡിപി വേൾഡിന് റെക്കോർഡ് നേട്ടം

**കൊച്ചി:** ഡിപി വേൾഡിന്റെ കൊച്ചിയിലെ ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ (ഐസിടിടി) തുടർച്ചയായി മൂന്ന് മാസത്തേക്ക് 72,000 ടിഇയുകൾ കൈകാര്യം ചെയ്തുകൊണ്ട് റെക്കോർഡ് നേട്ടം കൈവരിച്ചു. 2024 ജൂലൈയിൽ ഐസിടിടി 73,636 ടിഇയുകൾ കൈകാര്യം ചെയ്തു. 2024 2025 സാമ്പത്തിക വർഷത്തിലെ മെയ് ജൂലൈ കാലയളവിൽ 25% വോളിയം വളർച്ച നേടി. 2024 ജൂണിലെ 79,044 ടിഇയുകളുടെ ശക്തമായ വോളിയത്തിന്റെ പിൻബലത്തിലാണ് ഈ പ്രബല പ്രകടനം.എം എസ് സി അറോറ, എം എസ് സി ഡാർലിൻ, എം എസ് സി മരിയാഗ്രാസിയ തുടങ്ങിയ അൾട്രാ ലാർജ് കണ്ടെയ്നർ വെസ്സലുകൾ വിജയകരമായി കൈകാര്യം ചെയ്ത് ഈ മേഖലയിലെ വ്യാപാര വളർച്ചയെ പിന്തുണയ്ക്കുന്നതിനായി നിലവിലെ വർഷം മാത്രം, ഡിപി വേൾഡ് കൊച്ചി ഏകദേശം 40 അധിക കപ്പൽ കോളുകൾ സുഗമമാക്കിയിട്ടുണ്ട്. ഇവയെല്ലാം 365 മീറ്ററിലധികം നീളമുള്ളവയാണ്. കൂടാതെ, 202425 സാമ്പത്തിക വർഷത്തെ ഏപ്രിൽ ജൂലൈ കാലയളവിൽ ഐസിടിടി 22% എന്ന ഏറ്റവും ഉയർന്ന വളർച്ചയും രേഖപ്പെടുത്തി. ഈ സാമ്പത്തിക വർഷം ടെർമിനൽ സ്ഥിരമായി ഉയർന്ന മാനദണ്ഡങ്ങൾ രേഖപ്പെടുത്തി.202324 സാമ്പത്തിക വർഷത്തിൽ, ഡിപി വേൾഡ് കൊച്ചി അതിന്റെ എക്കാലത്തെയും ഉയർന്ന സംയോജിത വോളിയം 754,237 ടിഇയു കൈവരിച്ചു. ഡിപി വേൾഡ് കൊച്ചിയെ ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ടെർമിനലുകളിൽ ഒന്നായി ഉറപ്പിച്ചുവെന്ന് കൊച്ചി ഡിപി വേൾഡ് പോർട്ട് ആൻഡ് ടെർമിനൽസ് സിഇഒ പ്രവീൺ തോമസ് ജോസഫ് പറഞ്ഞു.



2024 ലെ ഒന്നാം പാദത്തിൽ പുതിയ എസ് ടി എസ് ക്രെയിനുകൾ, ഇആർടിജികൾ, വിപുലീകരിച്ച യാർഡ് സ്പേസ് എന്നിവ അവതരിപ്പിച്ചു. മൊത്തം ശേഷി പ്രതിവർഷം ഏകദേശം 1.4 ദശലക്ഷം ടിഇയു ആയി ഉയർത്തി.

ഡിപി വേൾഡിന്റെ ഐസിടിടി ഫാർ ഈസ്റ്റ്, തെക്കുകിഴക്കൻ ഏഷ്യ, മിഡിൽ ഈസ്റ്റ്, യൂറോപ്പ്/മെഡിറ്ററേനിയൻ, സിംഗപ്പൂർ എന്നിവിടങ്ങളിലേക്ക് മദർ വെസൽ (മെയിൻലൈൻ) കണക്റ്റിവിറ്റി നൽകുന്നുണ്ട്. ഇത് മൊത്തം ചരക്കിന്റെ 50% മദർ വെസലുകളിൽ നേരിട്ട് ബന്ധിപ്പിക്കാൻ അനുവദിക്കുന്നു, തിരക്കേറിയ ഹബുകൾ ഒഴിവാക്കി, വേഗതയേറിയതും വിശ്വസനീയവുമായ യാത്രാസമയം ലഭിക്കും. സിംഗപ്പൂർ, പോർട്ട് ക്ലാങ്, കൊളംബോ, ജബൽ അലി, മുന്ദ്ര തുടങ്ങിയ ഒന്നിലധികം ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബുകളിലേക്കും ഇത് പതിവ് കണക്റ്റിവിറ്റി വാഗ്ദാനം ചെയ്യുന്നു.ഗേറ്റ് ഓട്ടോമേഷൻ, പേപ്പർ ഇടപാടുകൾ ഒഴിവാക്കൽ, ചരക്ക് കൈകാര്യം ചെയ്യൽ വേഗത്തിലാക്കൽ എന്നിവയിലൂടെ പ്രവർത്തനക്ഷമത വർധിപ്പിക്കുന്നതിന് ഡിപി വേൾഡ് കൊച്ചി ഗണ്യമായ മുന്നേറ്റം നടത്തിയിട്ടുണ്ട്. ഷിപ്പ്മെന്റ് പ്ലാനിംഗും ലോജിസ്റ്റിക്സും ഒപ്റ്റിമൈസ് ചെയ്യുന്നതിന് ടെർമിനൽ തത്സമയ കപ്പൽ വിശദാംശങ്ങൾ ലഭ്യമാക്കി. ഇത് ഉപയോക്തൃസൗഹൃദ ഇന്റർഫേസ് നാവിഗേഷനും സുതാര്യതയും മെച്ചപ്പെടുത്തി. ഉപഭോക്താക്കൾക്ക് ഷിപ്പ്മെന്റ് ട്രാക്കിംഗ് വളരെ എളുപ്പമാക്കുകയും ചെയ്തു.

# ഗിഫ്റ്റ്സ് ഓഫ് ജോയ് ഓഫറുകളുമായി ജോയ്ആലുക്കാസ്

Joyalukkas
World's favourite jeweller

**കൊച്ചി:** ജോയ്ആലുക്കാസിന്റെ 68-ാം വാർഷികത്തോടനുബന്ധിച്ച് 'ഗിഫ്റ്റ്സ് ഓഫ് ജോയ്' പ്രത്യേക ഓഫറുകൾ അവതരിപ്പിക്കുന്നു. ഈ എക്സ്ക്ലൂസീവ് ഓഫറിലൂടെ ആഗസ്റ്റ് 25 വരെ ജോയ്ആലുക്കാസിന്റെ ഏതു ഷോറൂമിൽ പർച്ചേസ് നടത്തുന്ന ഉപഭോക്താക്കൾക്കും സ്വർണ്ണ നാണയങ്ങൾ സ്വന്തമാക്കാവുന്നതാണ്. ഓഫർ പ്രകാരം 75000 രൂപയ്ക്ക് മുകളിലുള്ള സ്വർണാഭരണങ്ങൾ വാങ്ങുമ്പോൾ 200 മില്ലിഗ്രാം സ്വർണ നാണയവും, ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഡയമണ്ട് ആഭരണങ്ങൾ വാങ്ങുമ്പോൾ 1 ഗ്രാം സ്വർണ നാണയവും സൗജന്യമായി ലഭിക്കും.

കൂടാതെ ഉപഭോക്താക്കൾക്ക് പ്രീബുക്കിംഗ് സംവിധാനത്തിലൂടെ ബുക്ക് ചെയ്യുന്ന ദിവസത്തെയോ, വാങ്ങുന്ന ദിവസത്തെയോ കുറഞ്ഞ വിലയിൽ സ്വർണാഭരണങ്ങൾ സ്വന്തമാക്കാവുന്നതാണ്.ജോയ്ആലുക്കാസിന്റെ 68-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് മികച്ച പർച്ചേസിന് അവസരം നൽകി ആഘോഷത്തിന്റെ ആഹ്ലാദം ഇരട്ടിയാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ ഓഫറുകൾ അവതരിപ്പിച്ചിരിക്കുന്നതെന്ന് ജോയ്ആലുക്കാസ് എംഡിയും ചെയർമാനുമായ ജോയ് ആലുക്കാസ് പറഞ്ഞു. സൗജന്യ സ്വർണ്ണനാണയങ്ങൾ സമ്മാനമായി ലഭിക്കുന്നതോടൊപ്പം ഒരു മികച്ച നിക്ഷേപാവസരം കൂടിയാണ് 'ഗിഫ്റ്റ്സ് ഓഫ് ജോയ്' ഓഫറെന്നും, പരിമിതമായ ദിവസങ്ങൾ മാത്രം നീണ്ടുനിൽക്കുന്ന ഓഫർ ജോയ്ആലുക്കാസിന്റെ എല്ലാ ഷോറൂമുകളിലും ലഭ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# പോർട്ട് ബ്ലെയർ- ക്വാലാലംപൂർ: നേരിട്ടുള്ള സർവീസുമായി എയർ ഏഷ്യ

**കൊച്ചി:** പോർട്ട് ബ്ലെയറിൽ നിന്ന് മലേഷ്യൻ തലസ്ഥാനമായ ക്വാലാലംപൂരിലേക്ക് നേരിട്ടുള്ള സർവീസ് പ്രഖ്യാപിച്ച് എയർ ഏഷ്യ. ഈ വർഷം നവംബർ 16 മുതൽ സർവീസ് ആരംഭിക്കാനാണ് തീരുമാനം. ക്വാലാലംപൂരിലേക്ക് ആഴ്ചയിൽ മൂന്ന് തവണയാണ് എയർ ഏഷ്യ സർവീസ് നടത്താൻ ഉദ്ദേശിക്കുന്നത്. ഇന്ത്യയിൽ നിന്നുള്ള എയർ ഏഷ്യയുടെ പതിനേഴാമത്തെ സർവീസ് റൂട്ടാണ് ഇത്. ഇന്ത്യയിലുടനീളമുള്ള നിരവധി നഗരങ്ങളിൽ നിന്നായി ആഴ്ചയിൽ 91 വിമാന സർവീസുകളാണ് എയർ ഏഷ്യ നടത്തുന്നത്. എയർ ഏഷ്യ 2024ൽ മാത്രം മലേഷ്യയിലേക്കും തായ്‌ലണ്ടിലേക്കും കോഴിക്കോട് ഉൾപ്പെടെ പത്ത് പുതിയ റൂട്ടുകൾ ആരംഭിച്ചിട്ടുണ്ട്.ഇന്ത്യയിൽ നിന്നുള്ള സഞ്ചാരികളുടെ ഒരു ഗേറ്റ് വേ ആയി ക്വാലാലംപൂർ മാറിയിട്ടുണ്ട്. ക്വാലാലംപൂരിൽ നിന്നുള്ള എയർ ഏഷ്യയുടെ വിപുലമായ നെറ്റ്വർക്ക് ഉപയോഗിച്ച് തന്നെ 130ലധികം ലക്ഷ്യസ്ഥാനത്തേക്ക് ഇന്ത്യൻ യാത്രക്കാർക്ക് സഞ്ചരിക്കാനാവും.പോർട്ട് ബ്ലെയറിൽ നിന്ന് ക്വാലാലംപൂരിലേക്ക് സർവീസ് ആരംഭിക്കുന്നതിൻറെ ഭാഗമായി എയർ ഏഷ്യ പ്രമോഷണൽ നിരക്ക് പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു വശത്തേക്ക് മാത്രം 4,999 രൂപയാണ് തുടക്കത്തിലുള്ള നിരക്ക്. ഈ പ്രത്യേക നിരക്കുകൾ എയർ ഏഷ്യ മൂവ് ആപ്പിലും മശ്യമശെമ.രീാ എന്ന വെബ്സൈറ്റും ബുക്ക് ചെയ്യുമ്പോൾ ലഭ്യമാണ്. 2024 നവംബർ 16നും 2025 ഒക്ടോബർ എട്ടിനും ഇടയ്ക്ക് യാത്ര ചെയ്യാൻ 2024 ഓഗസ്റ്റ് 25 വരെ ഈ പ്രത്യേക നിരക്കുകളിൽ ബുക്ക് ചെയ്യാം. 2025 ജൂൺ 30 വരെ മുപ്പതു ദിവസത്തെ സന്ദർശനത്തിനെത്തുന്ന എല്ലാ ഇന്ത്യക്കാരും മലേഷ്യയിലേക്ക് വിസാ രഹിത പ്രവേശനത്തിന് അർഹരാണ്.



# ശ്രീനാരായണ ഗുരുദേവ ജയന്തിയാഘോഷം

**ആലുവ:** ആലുവ അദ്വൈതാശ്രമത്തിൽ 170 ാമത് ശ്രീനാരായണ ഗുരുദേവ ജയന്തി യാഘോഷം ഇന്ന് വിവിധ പരിപാടികളോടെ നടക്കുമെന്ന് ആശ്രമം സെക്രട്ടറി സ്വാമി ധർമ്മ ചൈതന്യ അറിയിച്ചു.പുലർച്ചെ 4.30ന് ക്ഷേത്രം മേൽശാന്തി പി.കെ. ജയന്തന്റെ നേതൃത്വത്തിൽ വിശേഷാൽ പൂജ, ശാന്തി ഹവനം എന്നിവയോടെ ചടങ്ങുകൾ ആരംഭിക്കും. 5.15ന് മഹാജയന്തി, ഗുരുപൂജകൾ നടക്കും. 6.30ന് സമൂഹപ്രാർത്ഥനക്ക് ശേഷം സ്വാമി ധർമ്മ ചൈതന്യ ആഘോഷങ്ങളുടെ ഭാഗമായുള്ള പീതപതാക ഉയർത്തും. 8.30ന് ഗുരുദേവ കൃതികളുടെ പാരായണം, 10ന് സത്സംഗം, ഉച്ചക്ക് 12.30ന് മഹാഗുരു പൂജ, പ്രസാദ വിതരണം, വൈകിട്ട് 5.30ന് ഗുരുപൂജ, വൈകിട്ട് 6.30ന് ദീപാരാധന, സമൂഹപ്രാർത്ഥന എന്നിവ നടക്കും.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !



THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663